ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ കറ്റ്യാടിയിൽ 115 ഏക്കറിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിന്റെ സ്ഥലമെടുപ്പ് നടപടികൾ 2015 ജനുവരിയോടുകൂടി പൂർത്തിയാകുമെന്ന് കരുതുന്നു. പ്രസ്തുത പാർക്കിനുള്ളിൽ ചെയ്യാനുദ്ദേശിച്ചിട്ടുള്ള മാതൃകാ ഹാകൂറിക്കും റോഡിനും വേണ്ടിയുള്ള സ്ഥലം നിർണ്ണയിക്കുന്നതിനുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തൽ നടപടി പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത നാളികേര പാർക്കിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി കഴിഞ്ഞാൽ രണ്ട് വർഷത്തിനകം പാർക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

നിർമ്മാണ മേഖലയിലെ പ്രതിസന്ധി

238 (2476) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നിർമ്മാണമേഖല പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർമ്മാണമേഖലയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവാണ് ഇപ്പോൾ നേരിടുന്ന പ്രതിസന്ധിക്ക് കാരണമായിട്ടുള്ളത്. ബഹുമാനപ്പെട്ട സുപ്രീംകോടതി, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ദേശീയ ഹരിത ട്രൈബ്യൂണൽ എന്നിവയുടെ ഉത്തരവുകൾ പ്രകാരം ചെറുകിട ധാതു ഖനനത്തിന് പരിസ്ഥിതി ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുള്ളതാണ് ഇതിനു കാരണം. എന്നാൽ സംസ്ഥാനം നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത്, ടി ക്ലിയറൻസ് സമ്പാദിക്കുന്നതിന് ക്വാറി ഉടമകൾക്ക് ഒരു വർഷത്തെ സാവകാശം നൽകി കൊണ്ട് 10-1-2014-ന് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അന്യസംസ്ഥാനത്തുനിന്നും വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനും ഡാമുകളിൽ നിന്നും മണൽ എടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുഴകളിലെ മണൽ ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. മണ്ണിന്റെ ലഭ്യതയ്ക്കായി ചട്ടങ്ങളിൽ ഇളവ് നൽകുകയും റെയിവേയുടെ പാത ഇരട്ടിപ്പിക്കലിനും കൊച്ചി മെട്രോയുടെ പ്രവൃത്തികൾക്കുമായി ധാതു ലഭ്യത ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചു പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly